# ഇസ്ലാം വിരോധിക്കുന്ന ചില കാര്യങ്ങൾ

[Malayalam]

بعض المنهيات الشرعية

[ باللغة مليالم ]


മുഹമ്മദുബ്നു സ്വാലിഹുൽ മൻജിദ്

لفضيلة الشيخ / محمد بن صالح المنجد

എഡിറ്റർ: മുഹമ്മദ് കുട്ടി കടന്നമണ്ണ

مراجعة : محمد كطي ابوبكر



കോപറേറ്റീവ് ഓഫീസ് ഫോർ കാൾ & ഗൈഡൻസ്
റബ്'വ - റിയാദ് - സൗദി അറേബ്യ

المكتب التعاوني للدعوة وتوعية الجاليات بالربوة بمدينة الرياض

المملكة العربية السعودية

islamhouse.com

1431 — 2010

بسم الله الرحمن الرحيم

മുസ്ലിം അകപ്പെടാൻ സാധ്യതയുള്ള തിന്മകളിൽ നിന്നും ജാഗ്ര തപ്പെടുത്തി എന്നത് ഇസ്ലാമിന്റെ മഹത്വങ്ങളിൽ വളരെ പ്രധാനമായ ഒന്നാണ്. ദുഷിച്ച പ്രവർത്തനങ്ങളുടെ ഫലമായുണ്ടാവുന്ന വിപത്തു കളെക്കുറിച്ച് ഇസ്ലാം മുന്നറിയിപ്പ് നൽകുന്നു. അത്തരം കാര്യങ്ങളിൽ ചിലത് താഴെ കുറിക്കുന്നു.

1. അവിശ്വാസം, തോന്നിവാസം, ധിക്കാരം, ദേഹേച്ഛയെ പിൻപറ്റൽ, നഷ്ടപ്പെട്ടതിൽ ദുഃഖിക്കൽ.
2. അഹങ്കാരം, രോഷം, വലിയവനെന്ന ഭാവം, അസൂയ, മറ്റുള്ളവ രുടെ കഷ്ടപ്പാടിൽ സന്തോഷിക്കൽ.
3. ദുഷിച്ച ഊഹങ്ങൾ, ശകുനം നോക്കൽ, നിരാശ, പിശുക്ക്, ലുബ്ധ്, ധൂർത്ത്, അമിത വ്യയം.
4. അലസത, ഭീരുത്വം, ദൗർബല്യം, ധൃതി, പാരുഷ്യം, ലജ്ജയില്ലായ്മ, വെപ്രാളം, അശക്തി, രോഷം, തെറ്റുകൾ ചെയ്യൽ,
5. ശത്രുത, ഹൃദയ കാഠിന്യം നിമിത്തം ആപത്തിൽ പെട്ടവനെയും അത്യാവശ്യക്കാരനെയും സഹായിക്കാ തിരിക്കൽ.
6. ഏഷണി, പരദൂഷണം: കുഴപ്പമുണ്ടാക്കാൻ വേണ്ടി വാക്കുകളെ ചിലരിൽ നിന്നും മറ്റുള്ളവരിലേക്ക് എത്തിക്കലാണ് ഏഷണി. നിന്റെ സഹോദരനെക്കുറിച്ച് അവൻ വെറുക്കുന്നത് പറയലാണ് പരദൂഷണം.
7. ആവശ്യമില്ലാത്ത അധിക സംസാരം, രഹസ്യം പരസ്യമാക്കൽ, ആളുകളെ നിസ്സാരമാക്കൽ, അവരെ പരിഹസിക്കൽ.
8. ചീത്തവിളിക്കൽ, ശാപവാക്കുകൾ ചൊരിയൽ, വഴക്കടിക്കൽ, മ്ലേച്ഛവാക്കുകൾ പറയൽ, മോശമായ പേരുവെച്ച് സംബോധന ചെയ്യൽ.
9. അധികപ്രസംഗം, തർക്കിക്കൽ, കൂടുതൽ സംസാരിക്കാൻ ഇടയാക്കുന്നതും നാശഹേതുവുമായ തമാശകൾ.
10. ആവശ്യമില്ലാത്തതിൽ ഇടപെട്ട് സംസാരിക്കൽ.

11. സാക്ഷ്യം മറച്ച് വെക്കൽ, കള്ളസാക്ഷി പറയൽ, സദ്‌വൃത്തകളായ സ്ത്രീകളെക്കുറിച്ച് അപവാദം പറയൽ, മരിച്ചവരെ ചീത്ത പറയൽ, അറിവ് മറച്ച് വെക്കൽ.
12. ഭോഷത്വം, മ്ലേച്ഛത, ധർമ്മം ചെയ്തത് എടുത്തുപറയൽ, നിനക്ക് നന്മ ചെയ്തവനോട് നന്ദി കാണിക്കാതിരിക്കൽ.
13. അഭിമാനത്തിന് ക്ഷതമേൽപ്പിക്കൽ, ഒരാളെ തന്റെ പിതാവല്ലാത്തവരിലേക്ക് ചേർത്തിപ്പറയൽ, ഗുണകാംക്ഷയില്ലാതിരിക്കൽ, നന്മ കൽപ്പിക്കലും തിന്മ വിരോധിക്കലും ഒഴിവാക്കൽ.
14. വഞ്ചന, കുടിലതന്ത്രം, കരാർ ലംഘനം, ജനങ്ങളെ അങ്കലാപ്പിലാക്കുന്ന പ്രശ്നങ്ങൾ ഉണ്ടാക്കൽ.
15. മാതാപിതാക്കളെ ഉപദ്രവിക്കൽ, കുടുംബബന്ധം വിച്ഛേദിക്കൽ, സന്താനങ്ങളെ ശ്രദ്ധിക്കാതിരിക്കൽ.
16. ചാരപ്പണി നടത്തൽ, രഹസ്യങ്ങളെ ചുഴിഞ്ഞന്വേഷിക്കൽ, ജനങ്ങളുടെ രഹസ്യങ്ങളുടെ പിന്നാലെ പോവൽ.
17. (വേഷഭൂഷാദികളിലും ശബ്ദത്തിലും മറ്റും) പുരുഷന്മാർ സ്ത്രീകളോടും, സ്ത്രീകൾ പുരുഷന്മാരോടും സദൃശമാവൽ, ഇണകളുടെ രഹസ്യങ്ങൾ വെളിപ്പെടുത്തൽ.
18. മദ്യപാനം, ലഹരിവ്സതുക്കൾ ഉപയോഗിക്കൽ, ചൂതാട്ടം.
19. കള്ളസത്യത്തിലൂടെ ചരക്ക് വിൽക്കൽ, അളവിലും തൂക്കത്തിലും കൃത്രിമം കാണിക്കൽ, നിഷിദ്ധമായ മാർഗ്ഗങ്ങളിൽ ധനം ചിലവഴിക്കൽ, അയൽവാസിയെ ഉപദ്രവിക്കൽ.
20. മോഷണം, കോപം, വിവാഹം ആലോചിക്കപ്പെട്ടവളുടെ മേൽ വീണ്ടും മറ്റൊരാൾ ആലോചിക്കൽ, തന്റെ സഹോദരൻ കച്ചവടം ചെയ്തതിന്മേൽ വീണ്ടും വില പറയൽ.
21. രണ്ടുകൂട്ടുകാരിൽ ഒരാൾ മറ്റെയാളെ വഞ്ചിക്കൽ, കടമായി നൽകപ്പെട്ട വസ്തു വിനെ അതിന്റെ ഉടമസ്ഥൻ അനുവാദം നൽകിയ രൂപത്തിലല്ലാതെ ഉപയോഗിക്കൽ, കൂലിക്കാരന്റെ കൂലി വൈകിപ്പിക്കൽ, അല്ലെങ്കിൽ ജോലി കഴിഞ്ഞശേഷം അത് നൽകാതെയിരിക്കൽ.
22. ശരീരത്തിന് ഹാനികരമായ അമിതഭോജനം.
23. ബന്ധം വിച്ഛേദിക്കൽ, പകവെക്കൽ, ഒരു മുസ്‌ലിം തന്റെ സഹോദരനെ മൂന്ന് ദിവസത്തിനപ്പുറം വെടിഞ്ഞുനിൽക്കൽ.

24. ശറഇയായ കാരണം കൂടാതെ ആരെയെങ്കിലും അടിക്കൽ, ആയുധം കാണിച്ച് ജനങ്ങളെ ഭയപ്പെടുത്തൽ.
25. വ്യഭിചാരം, സ്വവർഗ്ഗഭോഗം, മനുഷ്യവധം.
26. ജഡ്ജിയായി സ്ഥാനമേൽക്കുന്നതിന് മുമ്പ് പതിവില്ലായിരുന്നുവെങ്കിൽ, ജഡ്ജി സമ്മാനം സ്വീകരിക്കൽ.
27. കൈക്കൂലി വാങ്ങൽ, കൊടുക്കൽ. അർഹമായ ഒരു കാര്യത്തിന് കൊടുക്കാൻ നിർബന്ധിതമായാലൊഴികെ.
28. സഹായിക്കാൻ പ്രാപ്തിയുണ്ടായിരിക്കെ അക്രമിക്കപ്പെട്ടവനെ സഹായിക്കാതെ വഞ്ചിക്കൽ.
29. അനുവാദമില്ലാതെ അന്യരുടെ വീടുകളിലേക്ക് എത്തിനോക്കൽ, വീട്ടിന്റെ ടെറസിൽ നിന്നാണെങ്കിലും ശരി. മറ്റുള്ളവർ കേൾക്കുന്നത് ഇഷ്ടപ്പെടാത്ത സംസാരം ഒളിഞ്ഞുനിന്നു കേൾക്കൽ.
30. സമൂഹത്തിനോ, സ്വന്തത്തിനോ, ബുദ്ധിക്കോ, മാന്യതക്കോ, അഭിമാനത്തിനോ ഉപദ്രവകരമായ മുഴുവൻ കാര്യങ്ങളും ഇസ്‌ലാം വിരോധിക്കുന്നു.

ഇസ്‌ലാമിന്റെ കൽപ്പനകളുടെയും നിരോധനത്തിന്റെയും ചുരുങ്ങിയ ഒരു വിവരണമാണ് ഇത്. വിശാലമായി പ്രതിപാദിക്കുവാനും അതിന്റെ തെളിവുകൾ നിരത്തുവാനും വാള്യങ്ങൾ തന്നെ ആവശ്യമാണ്.

وصلّى الله على محمد وآله وصحبه وسلّم

*******************